**13-ാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 6631** **09.07.2014-ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭവിഹിതത്തിലെ കറവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ. ബേബി<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എ.പ്രദീപ് കുമാർ<br>ശ്രീ. കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ വിഹിതത്തിൽ കുറവുണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ലാഭത്തിൽ കുറവ് വരുവാനുണ്ടായകാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;വിശദമാക്കുമോ ; | (എ)<br>(ബി) ഉണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള The Kerala Minerals & Metals Ltd, Malabar Cements Ltd, Steel and Industrial Forgings എന്നീ സ്ഥാപനങ്ങളുടെ ലാഭ വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ വില തകർച്ച, വിപണി മാന്ദ്യം, മെഷീനറികളുടെ അറ്റകുറ്റപ്പണികൾ മൂലം ഉൽപ്പാദനത്തിൽ ഉണ്ടായിട്ടുള്ള കുറവ്, അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം, വൈദ്യുതി ചാർജ് വർധന മുതലായവ പൊതുമേഖലാസ്ഥാപനങ്ങളുടെ ലാഭം കുറയാൻ കാരണമായിട്ടുണ്ട്. |
| (സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭവിഹിതം നൽകിയ ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഈ സർക്കാരിന്റെ കാലത്ത് കുറവ് വന്നത് എന്ന് വ്യക്തമാക്കുമോ? | (സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2010-11) ലാഭവിഹിതം നൽകിയ സ്ഥാപനങ്ങൾ ഈ സർക്കാരിന്റെ കാലത്ത് (2011-12) നൽകിയ ലാഭവിഹിതത്തിൽ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ 2012-2013 കാലയളവിൽ The Kerala Minerals & Metals Ltd, Steel and Industrial Forgings എന്നീ സ്ഥാപനങ്ങളുടെ ലാഭവിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. Transformers & Electricals Kerala Ltd 2012-13 കാലയളവിൽ ലാഭവിഹിതം നൽകിയിട്ടില്ല. |

(signature)

സെക്ഷൻ ഓഫീസർ